LIBRARY ARCHIVES Kerala Legislative Assembly

തടഞ്ഞുവെച്ച കർഷക ക്ഷേമനിധി പെൻഷൻ

11(996) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിന്റെ സ.ഉ.(കയ്യെഴുത്ത്) 28/2017/കൃഷി, 3-3-2017-ലെ ഉത്തരവ് പ്രകാരം തടഞ്ഞുവെച്ച കർഷക ക്ഷേമനിധി പെൻഷൻ തടഞ്ഞുവെച്ചിട്ടുണ്ടോ; എങ്കിൽ ഇപ്രകാരമുള്ള ഗുണഭോക്താക്കളുടെ എണ്ണം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) തടഞ്ഞുവെച്ച പെൻഷൻ നൽകേണ്ടിവരുന്നതിന് വേണ്ട ആകെ തുക എത്രയാണ്;

&

(സി) പ്രസ്തുത ഉത്തരവുപ്രകാരം തടഞ്ഞുവെച്ച പെൻഷൻ നൽകുന്നതിന് എന്ത് നടപടിയാണ് നാളിതുവരെയായി സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

കൃഷി വകുപ്പിന്റെ സ.ഉ.(കയ്യെഴുത്ത്) 28/2017/കൃഷി, 3-3-2017-ലെ ഉത്തരവ് പ്രകാരം, കർഷക പെൻഷൻ വാങ്ങുന്നവരിൽ അനർഹരെ ഒഴിവാക്കി, അർഹരായവർക്ക് മാത്രം കർഷക പെൻഷൻ നൽകുന്നതിന് മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുകയായിരുന്നു. ആയതിനാൽ ഈ ഉത്തരവ് പ്രകാരം അർഹരായ ഗുണഭോക്താക്കളിൽ ആരുടേയും ചെറുകിട നാമമാത്ര കർഷക പെൻഷൻ തടഞ്ഞുവച്ചിട്ടില്ല.

കേന്ദ്രസർക്കാർ പാസ്സാക്കിയ കർഷക നിയമം

12 (997) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. പി. ടി. തോമസ്:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരുകളുടെ അഭിപ്രായം ആരായാതെ കേന്ദ്രസർക്കാർ മുൻവർഷം പാസ്സാക്കിയ കർഷകവിരുദ്ധ നിയമങ്ങൾമൂലം കേരളത്തിലെ കാർഷിക മേഖലയിൽ ഉളവായിട്ടുള്ള പ്രതിസന്ധി വിലയിരുത്തിയിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) കുറഞ്ഞ താങ്ങുവില ഉറപ്പുനൽകാതെ കർഷകന്റെ വിലപേശൽ ശേഷി ഇല്ലാതാക്കുന്ന സാഹചര്യം മറികടക്കുന്നതിന് സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾ ഫലപ്രദമായിരുന്നോ എന്ന് വ്യക്തമാക്കുമോ;

(സി) കോർപ്പറേറ്റ് താല്പര്യങ്ങളുടെ ഭാഗമായി കർഷകരുടെ ഉല്പന്നങ്ങൾ കുറഞ്ഞ ഗ്രേഡിലേക്ക് മാറ്റി വിലകുറയ്ക്കുന്നതിനുള്ള സാദ്ധ്യതകളെ ഫലപ്രദമായി പ്രതിരോധിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

&

(ഡി) കർഷക താല്പര്യങ്ങൾ ഹനിക്കുന്ന പ്രസ്തുത നിയമത്തിന്റെ ഭരണഘടനാപരമായ സാധുത പരിശോധിക്കുന്നതിന് നിയമനടപടി സ്വീകരിച്ചിരുന്നോ; എങ്കിൽ വിശദാംശം നൽകുമോ?

കേന്ദ്ര കർഷക ബില്ലുകൾ നിലവിൽ സുപ്രീം കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്.

കുത്താളി ജില്ലാ കൃഷി ഫാം

13 (998) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലാപഞ്ചായത്തിന് കീഴിലുള്ള കുത്താളി ജില്ലാ കൃഷി ഫാമിന്റെ ഭൂമിയിൽ കാർഷിക ഉൽപ്പന്നങ്ങളുടെ സംഭരണത്തിനും വിപണനത്തിനുമായി ഒരു കേന്ദ്രം ആരംഭിക്കുന്നതിന് സംസ്ഥാന വെയർ ഹൗസിംഗ് കോർപ്പറേഷന് സ്ഥലം വിട്ടുനൽകുന്നതിന് അപേക്ഷ ലഭിച്ചിരുന്നോ; വ്യക്തമാക്കുമോ;

&

(ബി) പ്രസ്തുത വിഷയത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കുമോ?

ലഭിച്ചിരുന്നു. ഇക്കാര്യം സർക്കാർ പരിശോധിച്ചു വരുന്നു.

കോവിഡ് മഹാമാരി തളർത്തിയ കാർഷിക മേഖല

14 (999) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരി കാരണം കാർഷിക മേഖലയ്ക്ക് ഉണ്ടായ നഷ്ടവും കർഷകരുടെ ദുരിതാവസ്ഥയും സർക്കാർ വിലയിരുത്തിയിട്ടുണ്ടോ?

2020 മാർച്ച് മാസം തൊട്ട് 2021 ജൂലൈ മാസം വരെ വിളകൾക്കും സ്ഥാപനങ്ങൾക്കും സംഭവിച്ച നഷ്ടങ്ങൾ ഉൾപ്പെടെ കാർഷിക മേഖലയിൽ ഏകദേശം 1,731.78 കോടി രൂപയുടെ നഷ്ടം സംഭവിച്ചതായി വിലയിരുത്തിയിട്ടുണ്ട്. ടി കാലയളവിൽ കർഷകത്തൊഴിലാളികൾക്ക് 200.30 കോടി രൂപയുടെ വേതന നഷ്ടവും കണക്കാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly